ഹോളി ക്രോസ്സ് എച്ച് എസ് എസ് ,

തെള്ളകം

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

# 2025-2026

വിദ്യാലയ വികസന പ്രവർത്തന  പദ്ധതി

# ആമുഖം

അക്ഷരനഗരിക്ക് തിലകച്ചാർത്തു അണിയിച്ചുനിലകൊള്ളുന്ന വിദ്യാലയം. മരതകകാന്തിയാൽ മോടി പിടിപ്പിച്ച ഹോളിക്രോസ് ഹയർസെക്കൻഡറി സ്കൂൾ തെള്ളകം. കേരളസംസ്ഥാന പൊതു വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന എല്ലാവിധ പ്രവർത്തനങ്ങളോടും അൺഎയ്ഡഡ് എന്ന വ്യത്യാസം കൂടാതെ പൂർണ്ണമായും സഹകരിച്ച് ദീർഘവീക്ഷണത്തോടെ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു.വിദ്യാലയ വികസന സമിതിയും ഹോളിക്രോസ് സന്യാസിനി സമൂഹവും നേതൃത്വം നൽകുന്ന വിവിധ പദ്ധതി പ്രവർത്തനങ്ങൾക്ക് പൂർണ്ണപിന്തുണയുമായി സ്കൂൾ അധ്യാപക രക്ഷാകർതൃ സമിതിയും ഒപ്പം ഉണ്ട്. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി കൃത്യതയോടെ ആസൂത്രണം ചെയ്യുവാൻ ബഹുമാനപ്പെട്ട പ്രിൻസിപ്പൽ സിസ്റ്റർ റോസിലി എം തോമസും കർമ്മനിരതരായ അധ്യാപകരും അക്ഷീണം പരിശ്രമിക്കുന്നു.

അച്ചടക്കത്തിന്റെയും ധാർമികതയുടെയും തീഷ്ണമായ ബോധമുള്ള മികച്ച മനസ്സുകളെ സൃഷ്ടിച്ചുകൊണ്ട് മൂല്യങ്ങളും ഉത്തരവാദിത്വബോധവും ഉള്ള വ്യക്തികൾ ആക്കുവാനും കഠിനാധ്വാനത്തിലൂടെ മികവുകൾ കണ്ടെത്തി അവരിലെ പ്രതിഭയെ പുറത്തെടുക്കുക എന്നതും ഈ സ്കൂൾ ലക്ഷ്യം വയ്ക്കുന്നു.

നല്ല പഠന അന്തരീക്ഷവും ഗുണനിലവാരമുള്ള വിദ്യാഭ്യാസവും നൽകുന്നതിലൂടെ വിദ്യാർഥികളുടെ സമഗ്രമായ വികസനത്തിൽ ഈ വിദ്യാലയം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. മാതാപിതാക്കളെയും അധ്യാപകരെയുംമുതിർന്നവരെയും ബഹുമാനിക്കാനും സ്നേഹത്തിലൂടെയും സേവനത്തിലൂടെയും ഉൽപാദനക്ഷമവും യോഗ്യരുമായവരാകാൻ ഞങ്ങൾ പഠിപ്പിക്കുന്നു.

നമ്മുടെ വിദ്യാർത്ഥികളിൽ പരിസ്ഥിതി സ്നേഹം സേവനം സ്നേഹം കരുണ ആർദ്രത തുടങ്ങിയ ധാർമിക മൂല്യങ്ങൾ വരുന്നതിനും അത്

അനുഭവവേദ്യമാകുന്നതിനും ഉതകുന്ന വ്യത്യസ്തങ്ങളായ കർമ്മ പദ്ധതികൾക്കാണ്സ്കൂൾ പ്രാമുഖ്യം നൽകുന്നത്.

1. അക്കാദമിക മേഖല
2. സാമൂഹിക മേഖല
3. പരിസ്ഥിതി സൗഹൃദ മേഖല
4. ധാർമിക മേഖല
5. സ്കൂൾ ഭൗതിക വികസന മേഖല

എന്നീ അഞ്ചു മേഖലകളെ വൈവിധ്യപൂർണ്ണമായ വിദ്യാഭ്യാസ യജ്ഞ പ്രവർത്തനങ്ങളൂടെ രൂപരേഖയാണ് തയ്യാറാക്കപ്പെട്ടിട്ടുള്ളത്. മാനേജ്മെൻറ് മാതാപിതാക്കൾ പൂർവവിദ്യാർത്ഥികൾ എംപി എംഎൽഎ ജനപ്രതിനിധികൾ തുടങ്ങി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും സഹായസഹകരണങ്ങളാണ് ഹോളിക്രോസ് സ്കൂളിൻറെ മൂലധനം.

## I. അക്കാദമിക മേഖല

1. ഭാഷ ശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠന പരിപോഷണം
4. ശാസ്ത്ര അഭിരുചി വളർത്തൽ
5. പഠനയാത്ര, ഫീൽഡ് ട്രിപ്പുകൾ
6. ശില്പശാലകൾ
7. പതിപ്പുകൾ
8. അഭിമുഖങ്ങൾ
9. സെമിനാറുകൾ
10. കായിക താരങ്ങളെ കണ്ടെത്തൽ പരിശീലനം നൽകൽ
11. സ്മാർട്ട് ക്ലാസുകൾ
12. ആഴ്ച -മാസ പരീക്ഷകൾ
13. ദിനാചരണങ്ങൾ
14. ഐ റ്റി അധിഷ്ഠിത പഠനം
15. മെഗാ ക്വിസ്
16. പുസ്തകതൊട്ടിൽ
17. വിദ്യാഭ്യാസ മ്യൂസിയം
18. സയൻസ് കണക്ക് സോഷ്യൽ ലാബുകൾ
19. എൻറെ സ്വന്തം ലൈബ്രറി
20. അധ്യാപക പരിശീലനം

**21.** നിയമക്ലാസുകൾ- പോലീസ്, വനിതാ കമ്മീഷൻ ,ചൈൽഡ് ലൈൻ

**22.** ഡോക്ടറോടൊപ്പം

**23.** സ്കൂൾ പത്രം -മാഗസിൻ

**24.** എസ് ആർ ജി ശാക്തീകരണം

**25.** സർഗ ചുമർ

# II. സാമൂഹിക മേഖല

1. സ്നേഹാമൃതം- പൊതിച്ചോറ്
2. സ്വാന്തനം (അനാഥ വൃദ്ധമന്ദിര സന്ദർശനം)
3. പ്രാദേശിക പിടിഎ)
4. ജനമൈത്രി പോലീസ് ക്ലാസുകൾ( ഡ്രൈവർമാർ കുട്ടികൾ എന്നിവർക്ക്)
5. പ്രാദേശിക ചരിത്രരചന
6. വിദ്യാർത്ഥി അധ്യാപക സംഗമം- സംഘടന
7. മാതൃകാ ക്ലാസ് പിടിഎ)
8. ജനകീയ ഓണാഘോഷം
9. റിസോഴ്സ് മാപ്പിംഗ്
10. സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക സംഘടനകളുടെ നിറസാന്നിധ്യം

## III. പരിസ്ഥിതി സൗഹൃദ മേഖല

1. പരിസ്ഥിതി സൗഹൃദ സ്കൂൾ
2. ജൈവ പാർക്ക്
3. മീൻ കുളം
4. കിളിക്കൂട്
5. ഹരിത സമൃദ്ധി
6. മഴമാപിനി മഴയെ സ്നേഹിക്കുക
7. പരിസ്ഥിതി ദിനാചരണങ്ങൾ
8. പരിസ്ഥിതി കലണ്ടർ
9. കൃഷി കലണ്ടർ
10. പരിസ്ഥിതി സെമിനാർ
11. പരിസ്ഥിതി സംരക്ഷണ റാലി/ പ്രവർത്തനങ്ങൾ
12. മാലിന്യ സംസ്കരണം

## IV. ധാർമിക മൂല്യ മേഖല

1. അമ്മയ്ക്ക് ഒരുമ്മ
2. എൻറെ ടീച്ചറമ്മ
3. ഉരുകുന്ന മെഴുകുതിരികൾ
4. സുഹൃത്തേ നിനക്ക് ഞാനുണ്ട്
5. ധാർമിക മൂല്യങ്ങൾ വളർത്താൻ വീഡിയോ സ്ക്രിപ്റ്റ് പ്രദർശനങ്ങൾ
6. മോട്ടിവേഷണൽ ക്ലാസ്
7. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ

## V. സ്കൂൾ ഭൗതിക വികസന മേഖല

1. പുതിയ കമ്പ്യൂട്ടറുകൾ
2. സ്കൂൾ പരിസരം മോടി പിടിപ്പിക്കൽ
3. മാലിന്യ സംസ്കരണം
4. ക്ലാസ് മുറികൾ പരിഷ്കരിക്കുക
5. കിണർ വൃത്തിയാക്കൽ

# വിദ്യാലയ വികസന പദ്ധതി

## 1.അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പ്രതീക്ഷിക്കുന്ന ചിലവ് |
|---|---|---|---|---|
| **1.**ഭാഷാ ശേഷി വികസനം | • സ്വര - വ്യഞ്ജനക്ഷരങ്ങളുടെ വ്യക്തത<br>• ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>• ഉച്ചാരണ ശുദ്ധി<br>• ആശയ പ്രകാശന മികവ്<br>• അക്ഷര കാർഡുകൾ<br>• ചിത്ര ചാർട്ടുകൾ | ജൂൺ ജൂലൈ | മലയാളം, ഇംഗ്ലീഷ്, ഹിന്ദി അധ്യാപകർ | |
| **2.** ഗണിത ശേഷി വികസനം | ❖ സംഖ്യ ബോധം<br>❖ സ്ഥാന വില<br>❖ ചതുഷ്ക്രിയ<br>❖ ഗുണിതങ്ങൾ<br>❖ ഭിന്നസംഖ്യ<br>❖ ഐടി അധിഷ്ഠിത പഠനം | ജൂൺ ജൂലൈ | കണക്ക് അധ്യാപിക | |
| **3.** ഇംഗ്ലീഷ് പഠന പരിപോഷണം | ✓ English in English class<br>✓ Words cards<br>✓ Picture charts<br>✓ Synonyms and antonyms chart<br>✓ Personal monitoring of English learning | ജൂൺ - ഡിസംബർ | ഇംഗ്ലീഷ് അധ്യാപിക | |

| | | | | |
|---|---|---|---|---|
| | ✓ Model speeches using IT<br>✓ Word reading practice | | | |
| **4.** ശാസ്ത്ര അഭിരുചി വളർത്തൽ | ○ ലാബ് പരിചയപ്പെടുത്തൽ<br>○ ചെടികളെ ശാസ്ത്രീയ അടിസ്ഥാനത്തിൽ തരംതിരിക്കൽ<br>○ വിവിധ ശാസ്ത്ര പരീക്ഷണങ്ങളിൽ പരിശീലനം<br>○ ശാസ്ത്രപ്രദർശനവും മേളയും | ജൂൺ<br><br>ജൂലൈ<br><br>സെപ്റ്റംബർ<br>നവംബർ | സ്കൂൾ ശാസ്ത്ര അധ്യാപികമാരും സയൻസ് ക്ലബ്ബ് | |
| **5.** പ്രാദേശിക പഠനയാത്ര ഫീൽഡ് ട്രിപ്പുകൾ | ഓരോ ടേമിലും | ആഗസ്റ്റ്<br>നവംബർ<br>ജനുവരി | അധ്യാപകർ | ദൂരം വാഹനം എന്നിവയെ ആശ്രയിച്ച് |
| **6.**ശില്പശാലകൾ | ➢ സാഹിത്യ ശില്പശാല<br>➢ ഗണിത ശില്പശാല<br>➢ പ്രവർത്തി പരിചയ ശിൽപ്പശാല<br>➢ ചിത്രരചനാ ശില്പശാല<br>➢ ഇംഗ്ലീഷ് ശില്പശാല<br>➢ ഐടി ശില്പശാല<br>➢ പ്രാദേശിക ചിത്ര ശില്പശാല | ജൂലൈ<br>ഡിസംബർ | മലയാളം അധ്യാപിക /വിദ്യാരംഗം അധ്യാപിക/ അനക്ക് അധ്യാപിക സയൻസ് അധ്യാപിക ആർട്ട് ടീച്ചർ ഇംഗ്ലീഷ് ടീച്ചർ ഐസിടി ടീച്ചർ ചരിത്ര അധ്യാപിക | |

| | | | | |
|---|---|---|---|---|
| **7.**പതിപ്പുകൾ | **1.** എല്ലാ വിഷയത്തിൽ നിന്നും എൽപി യുപിഎച്ച്എസ് വിഭാഗത്തിൽ ഓരോ ടൈമിലും ഒരു പതിപ്പ് വീതം<br>**2.** എൻറെ നാട് പ്രാദേശിക ചരിത്രപതിപ്പ് പ്രായമായവരോട് ചോദിച്ച് കേട്ടറിവ് എഴുതപ്പെട്ട ചരിത്രം വായിച്ചറിവ്<br>**3.** സമകാലിക പ്രശ്നങ്ങളുടെ വിശകലനവും ഡിബെറ്റും | ജൂൺ - ജനുവരി<br>ജൂലൈ - ഓഗസ്റ്റ്<br>ജൂൺ - മാർച്ച് | ഓരോ വിഷയ അധ്യാപകരും<br>ചരിത്ര അധ്യാപിക സോഷ്യൽ ക്ലബ്<br>എസ് ആർ ജി | |
| **8.**അഭിമുഖങ്ങൾ | ലോക്കൽ റിസോഴ്സ് വ്യക്തികളെ സ്കൂളിലേക്ക് ക്ഷണിക്കുന്നു **(**പ്രായമായവർ സാഹിത്യകാരന്മാർ മാധ്യമപ്രവർത്തകർ കലാകാരന്മാർ ബിസിനസുകാർ മറ്റു പ്രമുഖർ പ്രസിദ്ധർ എന്നിവരെ**)** | ജൂൺ - ഫെബ്രുവരി | എസ് ആർ ജി സ്റ്റാഫ് കമ്മിറ്റി വിവിധ ക്ലബ്ബുകൾ | |
| **9.**സെമിനാറുകൾ | ഓരോ മാസവും അര ദിവസം | | അതാത് വിഷയങ്ങളുടെ അധ്യാപകർ | |
| **10.**കലാകാരന്മാരെ കണ്ടെത്തൽ | ഓരോ വിദ്യാർത്ഥിയിലും ഒളിഞ്ഞിരിക്കുന്ന | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ വിദ്യാരംഗം | |

| | | | | |
|---|---|---|---|---|
| പരിശീലനം | കലാപ്രതിഭയെ കണ്ടെത്തി മികച്ച പ്രോത്സാഹനം നൽകാൻ | | അധ്യാപിക ആർട്സ് ക്ലബ് | |
| **11.**കായിക താരങ്ങളെ കണ്ടെത്തൽ പരിശീലനം | വിവിധ കായിക ഇനങ്ങളിൽ കഴിവുള്ള വിദ്യാർത്ഥികളെ കണ്ടെത്തൽ പരിശീലനം | ജൂൺ - ജൂലൈ | എല്ലാദിവസവും രാവിലെ/ വൈകുന്നേരം **P E** അധ്യാപിക | |
| **12.**സ്മാർട്ട് ക്ലാസുകൾ | കമ്പ്യൂട്ടർ പ്രൊജക്ടർ ലാപ്ടോപ്പ് | ജൂൺ | | |
| **13.**ആഴ്ചമാസ പരീക്ഷകൾ | എല്ലാ ആഴ്ചയുടെ അവസാനവും മാസാവസാ നവും | ജൂൺ - മാർച്ച് | അധ്യാപകർ | |
| **14.**ദിനാചരണങ്ങൾ | പ്രധാനപ്പെട്ട എല്ലാ ദിനാചരണങ്ങളും | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ വിവിധ ക്ലബ്ബുകൾ | |
| **15.** ഐ റ്റി അധിഷ്ഠിത പഠനം | എല്ലാ സ്മാർട്ട് ക്ലാസുകളിലും ഓഡിറ്റോറിയത്തിലും ഇൻറർനെറ്റ് വൈഫൈ കണക്ഷൻ | ജൂൺ | അധ്യാപകർ | |
| **16.** മെഗാ ക്വിസ് | സ്കൂൾ തല മെഗാ ക്വിസ്- എൽപി, യുപി, എച്ച് എസ് തലങ്ങൾ | ജൂൺ - ജനുവരി | ക്ലാസ് ടീച്ചർ മെഗാ ക്വിസ് കമ്മിറ്റി | |
| **17.** പുസ്തക ത്തൊട്ടിൽ | വായിച്ചു കഴിഞ്ഞ പുസ്തകങ്ങൾ, ഉപേക്ഷിക്കപ്പെട്ട പുസ്തകങ്ങൾ, സംഭാവന നൽകുന്ന പുസ്തകങ്ങൾ ഇവ ശേഖരിച്ച് | ജൂൺ - ഡിസംബർ | ലൈബ്രേറിയൻ | |

| | | | | |
|---|---|---|---|---|
| | പുസ്തകത്തൊട്ടിലിൽ നിക്ഷേപിക്കൽ | | | |
| **18.** എജുക്കേഷൻ മ്യൂസിയം | എല്ലാ വിഷയങ്ങളിലും ഉള്ള പഠനാർഹമായ ചരിത്ര പഠന രേഖകൾ ,ചിത്രങ്ങൾ, വസ്തുക്കൾ തുടങ്ങിയവയുടെ ഒരു മ്യൂസിയം സംസ്കാരിക ചരിത്ര ഫോട്ടോ ഗാലറി | സെപ്റ്റം ബർ- ഒക്ടോ ബർ | വിവിധ ക്ലബ്ബുകൾ, എസ് ആർ ജി | |
| **19.** സയൻസ് ,കണക്ക്, സോഷ്യൽ ലാബ് | വിവിധ വിഷയങ്ങൾക്കായി ഒരു ക്ലാസ് മുറിയെ ലാബാക്കി മാറ്റുകയും ഐടി ഉൾപ്പെടെ ഉള്ളവരുടെ സഹായത്താൽ ലാബ് പ്രവർത്തനം ആരംഭിക്കൽ | സെപ്റ്റം ബർ ഒക്ടോ ബർ | വിവിധ ക്ലബ്ബുകൾ | |
| **20.** മികച്ച ലൈബ്രറി | സ്കൂൾ ലൈബ്രറിയിലെ നിലവിലെ പുസ്തക ശേഖരണത്തെ ഫലപ്രദമായി ഉപയോഗിക്കുകയും കൂടുതൽ പുസ്തകങ്ങൾ ലൈബ്രറിയിൽ ശേഖരിക്കുക, പുസ്തക വായന പ്രോത്സാഹിപ്പിക്കുക | ജൂൺ - മാർച്ച് | എസ് ആർ ജി ലൈബ്രേറി യൻ | |
| **21.** അധ്യാപക പരിശീലനം | വിവിധതലത്തിൽ പ്രഗൽഭരായവരുടെ നേതൃത്വത്തിൽ ഓരോ ടീമിലും ടീച്ചേഴ്സ് എൻറിച്ച്മെന്റ് ക്ലാസ് നടത്തി അധ്യാപകരെ അപ്ഡേറ്റ് ചെയ്യുക | ഓരോ ടേമിലും | എച്ച് എം, എസ് ആർ ജി | |

| | | | | |
|---|---|---|---|---|
| **22.** നിയമ ക്ലാസുകൾ | സാമൂഹിക ജീവിതത്തിലെ അനിവാര്യമായ വ്യത്യസ്ത നിയമങ്ങളെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ നടത്തുക വനിതാ കമ്മീഷൻ, പോലീസ് ഡിപ്പാർട്ട്മെൻറ്, ചൈൽഡ് ലൈൻ തുടങ്ങിയ സംവിധാനങ്ങളുടെ സഹായത്തോടുകൂടി നടപ്പിലാക്കുക | ജൂലൈ - സെപ്റ്റംബർ<br><br>നവംബർ -ജനുവരി | എസ് ആർ ജി | |
| **23.** സ്കൂൾപത്രം | സ്കൂൾ പ്രവർത്തനങ്ങളെ രേഖപ്പെടുത്തുന്ന രീതിയിൽ എല്ലാ രണ്ടുമാസം തോറും സ്കൂൾ പത്രം മലയാളം ,ഇംഗ്ലീഷ് എന്നീ ഭാഷകളിൽ പുറത്തിറക്കുക | ജൂലൈ സെപ്റ്റംബർ നവംബർ ജനുവരി മാർച്ച് | ഭാഷ അധ്യാപകർ ആർട്സ് ടീച്ചർ ,വിദ്യാരംഗം | |
| **24.** എസ് ആർ ജി ശാക്തീകരണം | ▸ പാഠഭാഗങ്ങളുടെ ആഴ്ചതോറും ഉള്ള ചിട്ടപ്പെടുത്തൽ<br>▸ പാഠ്യ പാഠ്യേതര സംബന്ധമായ പ്രവർത്തനങ്ങളുടെ ഏകീകരണം<br>▸ കഠിന മേഖലകളുടെ ഉപയോഗപെടുത്തൽ<br>▸ ഐ റ്റി ഉപയോഗപ്പെടുത്തൽ | എല്ലാ വെള്ളിയാഴ്ചയും മാസത്തിലൊരിക്കൽ | എസ് ആർ ജി കൺവീനർ | |

**II.**സാമൂഹിക മേഖല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പ്രതീക്ഷിക്കുന്ന ചിലവ് |
|---|---|---|---|---|
| **1.** സ്നേഹാമൃതം- പൊതിച്ചോറ് | മാസത്തിലൊരിക്കൽ കുട്ടികൾ വീട്ടിൽ നിന്ന് കൊണ്ടുവരുന്ന പൊതിച്ചോറ് കൊടുക്കുക | ജൂൺ - മാർച്ച് | സ്റ്റാഫ് സെക്രട്ടറി ,പി റ്റി എ സെക്രട്ടറി | |
| **2.** സാന്ത്വനം | അനാഥാലയങ്ങളും വൃദ്ധസദനങ്ങളും സന്ദർശിച്ച് അവർക്ക് ദിവസ ഉപയോഗ സാധനങ്ങൾ നൽകുക അവരോടൊപ്പം സമയം ചെലവഴിക്കുക | ഒരു ടേമിൽ ഒരു പ്രാവശ്യം | ക്ലാസ് ടീച്ചർമാർ | |
| **3.** പ്രാദേശിക പി ടി എ | സ്കൂളിൻറെ ഫീഡിങ് ഏരിയകളിൽ ലോക്കൽ പിടിഎ ചേർന്ന് ബോധവൽക്കരണ ക്ലാസുകൾ നടത്തുക അധ്യാപകർ വീടുകൾ സന്ദർശിക്കുക | നവംബർ - മാർച്ച് | എസ്. ആർ ജി പിടിഎ കമ്മിറ്റി | |
| **4.** ബോധവൽക്കരണ ക്ലാസുകൾ | മാതാപിതാക്കൾ, സ്കൂൾ വാഹനങ്ങൾ ഡ്രൈവർമാർ അമ്മമാർ തുടങ്ങിയവർക്ക് വിവിധ വിഷയങ്ങളെക്കുറിച്ച് പ്രത്യേക ബോധവൽക്കരണ ക്ലാസുകൾ നടത്തുക | ഓഗസ്റ്റ് - ഒക്ടോബർ | എസ് ആർ ജി പി ടി എ | |

| | | | | |
|---|---|---|---|---|
| **5.** പ്രാദേശിക ചരിത്ര നിർമ്മാണം | വിദ്യാർത്ഥികളും അധ്യാപകരും നാട്ടിലുള്ള പ്രായമായ വ്യക്തികളെ നേരിട്ട് കണ്ട് പഴയകാല ചരിത്രം അന്വേഷിച്ചറിഞ്ഞ് ഒരു നാട്ടറിവ് ചരിത്ര പതിപ്പ് തയ്യാറാക്കൽ/ സെമിനാർ സംഘടിപ്പിക്കൽ | ജൂൺ - ഒക്ടോബർ | എല്ലാ ക്ലാസ് ടീച്ചർമാരും | |
| **6.** പൂർവ്വ വിദ്യാർത്ഥി - പൂർവ്വ അധ്യാപക സംഗമം | | | | |

## III. പരിസ്ഥിതി മേഖല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പ്രതീക്ഷിക്കുന്ന ചിലവ് |
|---|---|---|---|---|
| **1.** പരിസ്ഥിതി സൗഹൃദ സ്കൂൾ | പരിസ്ഥിതിക്കിണങ്ങുന്ന രീതിയിൽ സ്കൂൾ കോമ്പൗണ്ട് സജ്ജമാക്കുന്നതിലേക്ക് പ്ലാസ്റ്റിക് വിമുക്ത സ്കൂൾ പദ്ധതി നടപ്പിലാക്കുക അധ്യാപകരും വിദ്യാർത്ഥികളും പ്ലാസ്റ്റിക് ക്യാരിബാഗുകൾ ഉപേക്ഷിക്കുക പ്ലാസ്റ്റിക്കിന്റെ ദോഷവശങ്ങൾ മനസ്സിലാക്കൽ, പരമാവധി പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുക | ജൂൺ- മാർച്ച് | എക്കോ ക്ലബ് സയൻസ് ക്ലബ് | |
| **2.** ജൈവ പാർക്ക് | സ്കൂൾ അങ്കണത്തിൽ വ്യത്യസ്ത ഔഷധ ചെടികൾ ഉള്ള ജൈവ പാർക്ക് നിർമ്മിക്കുക ശലഭ പാർക്ക്, വിശ്രമ പഠന മരതണലുകൾ | ജൂൺ - ഓഗസ്റ്റ് | സയൻസ് ക്ലബ് | |

| | | | | |
|---|---|---|---|---|
| | ഒരുക്കുക | | | |
| **3.** പടുതാക്കുളം ജൈവക്കുളം | വ്യത്യസ്ത ജീവജാലങ്ങളുടെ ആവാസ കേന്ദ്രമായി മാറുന്ന തരത്തിൽ സ്കൂൾ കോമ്പൗണ്ടിൽ ജൈവകുളം നിർമ്മിക്കുക- ജലജീവികൾ, ജല സസ്യങ്ങൾ | സെപ്റ്റംബർ | എസ് ആർ ജി പി ടി എ | |
| **4.** കിളിക്കൂട് | കിളികൾക്ക് കയറാൻ സാധിക്കുന്ന രീതിയിൽ സ്കൂളിലെ വിവിധ ഭാഗങ്ങളിൽ കിളിക്കൂടുകൾ സജ്ജമാക്കുക | ഓഗസ്റ്റ് | സയൻസ് ക്ലബ് | |
| **5.** മഴയെ സ്നേഹിക്കൽ, മഴയറിവ്, മഴമാപിനി നിർമ്മിക്കൽ | മഴയെ കുറിച്ചുള്ള വ്യത്യസ്ത (സാഹിത്യശാസ്ത്ര) അറിവുകൾ നൽകുക മഴക്കാല രോഗങ്ങൾ, പ്രതിവിധികൾ, മഴക്കാല ഭക്ഷണ രീതികൾ, മഴവെള്ള സംഭരണം, മഴപ്പാട്ടുകൾ, മഴക്കളികൾ തുടങ്ങിയവ കുട്ടികൾക്ക് അനുഭവവേദ്യമാ | ജൂൺ ജൂലൈ ഓഗസ്റ്റ് | സയൻസ് ക്ലബ് | |

| | | | | |
|---|---|---|---|---|
| | ക്കുക | | | |
| **6.** പരിസ്ഥിതി ദിനാചരണങ്ങൾ | പ്രധാനപ്പെട്ട പരിസ്ഥിതി ദിനാചരണങ്ങൾ നടത്തുക ,വൃക്ഷത്തൈ നടൽ, ദിനാചരണങ്ങളുടെ പ്രാധാന്യം മനസ്സിലാക്കുക | പരിസ്ഥിതി ദിനങ്ങൾ | എക്കോ ക്ലബ് | |
| **7.** പരിസ്ഥിതി സെമിനാർ | പരിസ്ഥിതി പ്രവർത്തകരെ ഉൾപ്പെടുത്തിക്കൊണ്ട് വിവിധ വിഷയങ്ങളിൽ അധിഷ്ഠിതമായ വ്യത്യസ്തങ്ങളായ സെമിനാറുകൾ സംഘടിപ്പിക്കുന്നു | ജൂൺ - ജനുവരി | എക്കോ ക്ലബ് സയൻസ് ക്ലബ് | |
| **8.** പരിസ്ഥിതി സംരക്ഷണ റാലി/ പ്രവർത്തനങ്ങൾ | പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം വിളിച്ചോതുന്ന തരത്തിൽ പരിസ്ഥിതി സംരക്ഷണ റാലി സംഘടിപ്പിക്കുക, പ്ലക്കാർഡുകൾ, മുദ്രാവാക്യങ്ങൾ തുടങ്ങിയവ തയ്യാറാക്കുക | പരിസ്ഥിതി ദിനം | എസ് ആർ ജി സയൻസ് ക്ലബ് | |
| **9.** മാലിന്യ സംസ്കരണ സംസ്കാരം രൂപീകരിക്കുക | മാലിന്യങ്ങളെക്കുറിച്ച് വ്യക്തമായ അറിവ് നൽകുക മാലിന്യങ്ങൾ യഥാവിധി സംസ്കരിക്കുക പുനരുപയോഗം ചെയ്യുക | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ സയൻസ് ടീച്ചർ എസ്ആർ.ജി | |

| | | | | |
|---|---|---|---|---|
| | ഉറവിടത്തിൽ തന്നെ സംസ്കരിക്കുക മാലിന്യങ്ങളെ വേർതിരിക്കുക തുടങ്ങിയ യഥാർത്ഥ മാലിന്യ സംസ്കാരം വളർത്തിയെടുക്കുക | | | |
| **10.** ഹരിത സമൃദ്ധി **(**ജൈവ പച്ചക്കറി കൃഷി**)** | സ്കൂൾ പച്ചക്കറി തോട്ടത്തിൽ ജൈവ പച്ചക്കറി കൃഷി നടത്തുക**,** അതിൻറെ ആനുകാലിക പ്രസക്തി വിദ്യാർത്ഥികളിൽ വളർത്തുക | ജൂൺ **-** മാർച്ച് | എസ് ആർ ജി എക്കോ ക്ലബ് | |
| **11.** അക്വേ | മത്സ്യ വളർച്ചയെക്കുറിച്ചും അവയുടെ ഭക്ഷണം **,**ശ്വസനം**,** സഞ്ചാരം**,** ശരീരഘടന എന്നിവയെക്കുറിച്ചുള്ള പഠനത്തിനും നിരീക്ഷണത്തിനുമായി മത്സ്യം വളർത്താൻ പെട്ടി **(**അക്വേറിയം**)** ഒരുക്കുക | ജൂൺ | പി റ്റി എ | |

## IV ധാർമ്മിക മൂല്യ മേഖല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പ്രതീക്ഷിക്കുന്ന ചിലവ് |
|---|---|---|---|---|
| **1.** അമ്മയ്ക്കൊരുമ്മ | മാതൃത്വത്തിന്റെ മഹത്വം തിരിച്ചറിയുന്നതിനും അമ്മ സ്നേഹം ഉണർത്തുവാനും വളർത്തുവാനും അമ്മമാരെ ആദരിക്കാനും ഉതകുന്ന പ്രവർത്തനങ്ങൾ | എല്ലാ സമയവും | എല്ലാ അധ്യാപികമാരും | |
| **2.** എന്റെ അച്ഛന് | അച്ഛന്റെ കരുതലിനും സ്നേഹത്തിനും ആദരവ് | എല്ലാ സമയവും | എല്ലാ അധ്യാപികമാരും | |
| **3.** എൻറെ ടീച്ചറമ്മ | ടീച്ചറിനെ സ്വന്തം അമ്മയായി കാണുവാൻ കുട്ടികൾക്ക് സ്വാതന്ത്ര്യം നൽകുന്ന സ്നേഹാനുസൃണമായ അധ്യാപികമാരുടെ ഇടപെടൽ | എല്ലാ സമയവും | എല്ലാ അധ്യാപികമാരും | |
| **4.** ഉരുകുന്ന മെഴുകുതിരികൾ | മുത്തശ്ശനെയും മുത്തശ്ശിയും സ്നേഹിക്കു | എല്ലാ സമയവും | എല്ലാ അധ്യാപിക | |

| | | | | |
|---|---|---|---|---|
| | വാനും അംഗീകരിക്കുവാനും ആദരിക്കുവാനും അവരെ ശുശ്രൂഷിക്കാനും ഉള്ള മനോഭാവം ഉണ്ടാക്കൽ. നമുക്കും നമ്മുടെ മാതാപിതാക്കൾക്ക് വേണ്ടി സ്വയം ഇരിഞ്ഞടങ്ങിയ മെഴുകുതിരികളാണ് അവരെന്ന ചിന്ത ഉണർത്തുക. അവരെ സ്കൂളിൽ വിളിച്ച് കൂട്ടായ്മ ഉണ്ടാക്കുക സമ്മാനങ്ങൾ നൽകുക | വൃദ്ധദിനം | മാരും | |
| **4.** സുഹൃത്തേ നിനക്ക് ഞങ്ങളുണ്ട് | ഗുരുതര രോഗങ്ങൾ അപകടങ്ങൾ സാമ്പത്തിക പരാധീനത അനാഥത്വം തുടങ്ങിയ രാഷ്ട്രദീനുഭവിക്കുന്ന കൂട്ടുകാരെ കണ്ടെത്തി അവരെ സഹായിക്കുന്ന | എല്ലാ സമയവും | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | പദ്ധതി | | | |
| **5.** ധാർമിക മൂല്യങ്ങൾ വളർത്താൻ ചിത്ര പ്രദർശനങ്ങൾ ബോധവൽക്കരണ ക്ലാസുകൾ | ധാർമിക മൂല്യാധിഷ്ഠിത ജീവിതങ്ങളെ പരിചയപ്പെടുത്തുക അത്തരം ക്ലിപ്പിംഗ് ചിത്രങ്ങൾ തുടങ്ങിയവയും ബോധവൽക്കരണ ക്ലാസുകളും അനുഭവവേദ്യമാക്കുക | ആഴ്ച/മാസം **(1)** | സന്മാർഗ പാഠം ടീച്ചർ | |
| **6.** ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ | ഇന്നത്തെ സമൂഹത്തിൽ നടമാടുന്ന ലഹരിയുമായി ബന്ധപ്പെട്ട വിപത്തുകളിൽ നിന്നും കുട്ടികളെയും യുവതലമുറയും രക്ഷിക്കുന്നതിനായി നിരന്തരം ക്ലാസുകൾ നൽകുകയും അവബോധം സൃഷ്ടിക്കുകയും ചെയ്യുക | എല്ലായിപ്പോഴും | എല്ലാ അധ്യാപകരും | |

**V** സ്കൂൾ ഭൗതിക വികസന മേഖല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പ്രതീക്ഷിക്കുന്ന ചിലവ് |
|---|---|---|---|---|
| **1.** പുതിയ കമ്പ്യൂട്ടറുകൾ | നിലവിലുള്ള കമ്പ്യൂട്ടറുകൾ പ്രവർത്തന സജ്ജം | | എച്ച് എം | |

| | | | | |
|---|---|---|---|---|
| | അല്ലാത്തവ പ്രവർത്തിപ്പിക്കുക പുതിയ കമ്പ്യൂട്ടറുകൾ വാങ്ങിക്കുക വർഷം | | | |
| **2.** സ്കൂൾ പരിസരം മോടി പിടിപ്പിക്കുക | സ്കൂളും പരിസരവും വൃത്തിയാക്കി കുട്ടികൾക്ക് ഇരിപ്പിടങ്ങൾ ഒരുക്കാനും വായനക്കായി പ്രത്യേക സജ്ജീകരണങ്ങളും ഉണ്ടാക്കുക | | എച്ച് എം | |
| **3.** കിണർ വൃത്തിയാക്കൽ | സ്കൂൾ കിണറും പരിസരവും ശുചിയാക്കുകയും ശുദ്ധജലശേഖരണവും വിതരണവും മികച്ചതാക്കി മാറ്റുകയും ചെയ്യുക | | എച്ച് എം | |

# ഉപസംഹാരം

സാധാരണക്കാരുടെ മക്കൾക്ക് ഇംഗ്ലീഷ് മാധ്യമത്തിൽ പഠനം സാധ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി സ്ഥാപിതമായ ഈ വിദ്യാലയം ഇന്നും നാടിന് അഭിമാനമായി വിജയം കൈവരിച്ചു കൊണ്ടേയിരിക്കുന്നു .

ഭാവിതലമുറയെ സംസ്കാര സമ്പന്നരും സാമൂഹ്യ പ്രതിബദ്ധതയുള്ളവരും ഗുണശേഷിയും ആരോഗ്യവും ഒത്തിണങ്ങിയ വ്യക്തിത്യങ്ങളാക്കാൻ ഞങ്ങളുടെ സ്കൂളിൽ പ്രാവർത്തികമാക്കികൊണ്ടിരിക്കുന്ന പദ്ധതികൾ വിജയകരമായി മുന്നേറുന്നു .

ഞങ്ങളുടെ വിദ്യാലയത്തിന്റെ പുരോഗമനത്തിനായി സഹകരിക്കുന്ന ഏവർക്കും നന്ദിയുടെ പൂച്ചെണ്ടുകൾ .

ഞങ്ങളുടെ സ്കൂളിന്റെ എല്ലാ ഉയർച്ചയ്ക്കും നന്മയ്ക്കും കാരണഭൂതനായ സർവേശ്വരനെ നന്ദിപൂർവ്വം സ്മരിച്ചുകൊണ്ട് ഈ മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു .

നന്മയാകുവാനും നന്മയേകുവാനും നമുക്കേവർക്കും കൈകോർക്കാം ....

ഹോളി ക്രോസ്സ് ഹയർ സെക്കൻഡറി സ്കൂളിന്റെ വളർച്ച നാടിന്റെ വളർച്ചയായി മാറട്ടെ .....

എല്ലാ സഹായഹസ്തങ്ങളേയും നന്ദിയോടെ സ്മരിക്കുന്നു .